## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4818 | 27.06.2014-ലെ മറുപടിക്ക്

### ക്ഷീരകർഷക ക്ഷേമനിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശശി : | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക ക്ഷേമനിധിയിൽ എത്ര കർഷകർ നാളിതുവരെ അംഗമായിട്ടുണ്ട് ; | (എ) | ക്ഷീരകർഷക ക്ഷേമനിധിയിൽ 2,35,556 കർഷകർ നാളിതുവരെ അംഗങ്ങളായിട്ടുണ്ട്. |
| (ബി) ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ എത്ര പേർക്ക് ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | (ബി) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും 45,982 പേർക്ക് പെൻഷനും 3,031 പേർക്ക് കുടുംബ പെൻഷനും നൽകുന്നു. |
| (സി) ക്ഷീരകർഷക ക്ഷേമനിധി പ്രതിമാസ പെൻഷൻ തുക 300 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായി കുടുംബപെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കുടുംബപെൻഷൻ വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകുമോ ; | (സി) | കുടുംബപെൻഷൻ വർദ്ധിപ്പിച്ചിട്ടില്ല. കുടുംബപെൻഷൻ വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ പ്രതിമാസം 1000 രൂപയായി നൽകിവരുന്ന സാഹചര്യത്തിൽ ക്ഷീരകർഷക ക്ഷേമനിധി പെൻഷനും ഉയർത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ക്ഷീരകർഷക ക്ഷേമനിധിയുടെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ നിന്നുകൊണ്ട് പെൻഷൻ തുക 1000/- രൂപയായി വർദ്ധിപ്പിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ